**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം — കൊച്ചി നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ആയ ശ്രീ.എസ്.പ്രവീൺ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ സമർപ്പിച്ച ഒ.എ.നം.1780/16 ൽ 27.03.2017 ലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. **2642**/2017/തസ്വഭവ തീയതി, തിരുവനന്തപുരം, **31.07.2017**

പരാമർശം :

1. നഗരകാര്യഡയറക്ടറുടെ 22.07.2016 തീയതിയിലെ ഇ 5-11963/2016 നമ്പർ ഉത്തരവ്.
2. കൊച്ചി നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I ആയ ശ്രീ.എസ്.പ്രവീൺ സർക്കാരിൽ സമർപ്പിച്ച 23.07.2016 തീയതിയിലെ അപ്പീൽ(Annexure A2).
3. ശ്രീ.എസ്.പ്രവീൺ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.നം.1780/16.ൽ 27.03.2017 തീയതിയിലുണ്ടായ വിധിന്യായം
4. നഗരകാര്യഡയറക്ടറുടെ 15.07.2017 തീയതിയിലെ ഇ 5-18183/2016 നം. കത്ത്.

**ഉത്തരവ്**

മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം നൽകിക്കൊണ്ട് നഗരകാര്യഡയറക്ടർ പരാമർശം 1പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ കൊച്ചി നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- I ആയ ശ്രീ.എസ്.പ്രവീണിനെ ഭരണപരമായ സൗകര്യാർത്ഥം കുന്നംകുളം നഗരസഭയിലേക്ക് സ്ഥലംമാറ്റുകയുണ്ടായി. മേൽ ഉത്തരവിനെതിരെ ശ്രീ.എസ്.പ്രവീൺ പരാമർശം 2 പ്രകാരം സമർപ്പിച്ച അപ്പീലിൽ, താൻ സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടില്ലായിരുന്നുവെന്നും തന്നെക്കാൾ കൂടുതൽ കാലമായി കൊച്ചി നഗരസഭയിൽ തുടരുന്നവരെയൊന്നും സ്ഥലംമാറ്റാതെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തന്നെ സ്ഥലംമാറ്റിയ നടപടി പുനപരിശോധിച്ച് കൊച്ചി നഗരസഭയിൽ തുടരാൻ അനുവദിക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

2. ഇതേ ആവശ്യമുന്നയിച്ച് ശ്രീ.എസ്.പ്രവീൺ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.നം.1780/16 കേസിന്മേലുള്ള 05.08.2016 ൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ, കൊച്ചി നഗരസഭയിൽ തുടരുന്നതിനായി ടിയാന് സ്റ്റേ അനുവദിച്ച് ഉത്തരവായിട്ടുള്ളതും നിലവിൽ സ്റ്റേ തുടരുകയും ചെയ്യുന്നു. ടി കേസിലെ പരാമർശം 3 പ്രകാരമുള്ള അന്തിമ ഉത്തരവിൽ ടിയാന്റെ Annexure A2 അപ്പീൽ സർക്കാർ പരിശോധിക്കുകയും ടിയാനെ നേരിൽക്കേട്ട് തീരുമാനമെടുക്കണമെന്നും, പ്രസ്തുത അപ്പീൽ പരിശോധിക്കുമ്പോൾ കൊച്ചി നഗരസഭാ മേയറുടെ Annexure A3, Annexure A4 അപേക്ഷകളും പരിഗണിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 19.07.2017 ന് ശ്രീ.എസ്.പ്രവീണിനെ നേരിൽ കേൾക്കുകയുണ്ടായി. ശ്രീ.എസ്.പ്രവീണിനെ നേരിൽക്കേട്ടതിൽ നിന്ന്, നഗരകാര്യ ഡയറക്ടറുടെ 22.07.2016 ലെ ഇ 5-11963/2016 നം. ഉത്തരവിൽ ടിയാൻ സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടില്ലായെന്നും, അച്ചടക്ക നടപടി നേരിട്ടിട്ടില്ലായെന്നും സ്ഥലംമാറ്റ ഉത്തരവിന്റെ കരട് പ്രസിദ്ധീകരിച്ചിട്ടില്ലായെന്നും വ്യക്തമാക്കിയതിനോടൊപ്പം 02.05.2015 ലാണ് തസ്തികക്കയറ്റം ലഭിച്ച് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ആയതെന്നും പ്രൊമോഷൻ ലഭിച്ച തസ്തികയിൽ 3 വർഷം പൂർത്തിയായില്ലായെന്നും ബോധിപ്പിക്കുകയുണ്ടായി.

4. കൊച്ചി നഗരസഭാ മേയറുടേയും ഹെൽത്ത് കമ്മിറ്റി ചെയർപേഴ്സൺന്റെ കത്തിന്റേയും, പരാമർശം 4 പ്രകാരമുള്ള നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും സ്ഥലംമാറ്റം സംബന്ധിച്ച സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടേയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ഭരണപരമായ കാരണത്താലാണ് ശ്രീ.എസ്.പ്രവീണിനെ സ്ഥലംമാറ്റിയതെന്നും, ശ്രീ.എസ്.പ്രവീൺ മുനിസിപ്പൽ കോമൺ സർവീസിൽ പ്രവേശിച്ച 24.11.2004 മുതൽ നാളിതുവരെ 12 വർഷത്തെ സേവനകാലയളവ് പരിശോധിച്ചതിൽ 9 വർഷവും കൊച്ചി നഗരസഭയിലാണ് ജോലിചെയ്തിട്ടുള്ളത് എന്നും കാണുന്നു. ചങ്ങനാശ്ശേരി നഗരസഭയിൽ നിന്നും 10.06.2013 ൽ സ്ഥലംമാറി ടിയാൾ കൊച്ചി നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് 02.05.2015 ൽ തസ്തികക്കയറ്റം ലഭിച്ച് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ആയി. പ്രൊമോഷൻ ലഭിച്ച തസ്തികയിൽ 3 വർഷം പൂർത്തിയായില്ല എന്നല്ലാതെ ടി. നഗരസഭയിൽ തുടർച്ചയായ 3 വർഷം പൂർത്തിയാക്കിയിട്ടുണ്ട്. അതിനാൽ സ്ഥലംമാറ്റം സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമല്ലായെന്നും ബഹു. ട്രിബ്യൂണൽ സ്റ്റേ അനുവദിച്ചിട്ടുള്ളതിനാൽ ടിയാൻ നാളിതുവരെ കൊച്ചി നഗരസഭയിൽ ജോലിചെയ്തു വരുന്നതായും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

5. കൊച്ചി നഗരസഭാ മേയറും ഹെൽത്ത് കമ്മിറ്റി ചെയർ പേഴ്സണും, ടിയാന്റെയൊ ടിയാനെപ്പോലെ മുൻപരിചയമുള്ള ജീവനക്കാരന്റെയോ സാന്നിദ്ധ്യം നഗരസഭയ്ക്ക് അത്യന്താപേക്ഷിതമാണെന്ന് പറഞ്ഞിരുന്നത് മഴക്കാലവുമായി ബന്ധപ്പെട്ട ജോലി സമയബന്ധിതമായി തീർക്കുന്നതിനായിരുന്നു. ടിയാന്മാർ കത്ത് നല്കിയതു 2016 ലെ മഴക്കാല സമയത്തായിരുന്നു. ആയതിനാൽ ടിയാന്മാരുടെ ആവശ്യം ഇപ്പോൾ പരിഗണനാർഹമല്ലായെന്ന് കാണുന്നു.

6. മേൽ സാഹചര്യത്തിൽ നേരിൽക്കേട്ടതിൽ നിന്നും ടിയാന്റെ സമർപ്പണം പരിശോധിച്ചതിൽ നിന്നും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരവും കൊച്ചി നഗരസഭയിൽ തുടരണമെന്ന ശ്രീ.എസ്.പ്രവീണിന്റെ ആവശ്യം പരിഗണനാർഹമല്ലായെന്ന് കാണുന്നതിനാൽ ടിയാനെ എറണാകുളം ജില്ലയിലുള്ള നഗരസഭകളിലെ നിലവിൽ ഒഴിവുള്ള തസ്തികയിലേയ്ക്കോ, എറണാകുളം ജില്ലയിൽ ഒഴിവില്ലായെങ്കിൽ എവിടെയാണോ ഒഴിവുള്ളത് അവിടേയ്ക്ക് ടിയാനെ സ്ഥലംമാറ്റുന്നതിന് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീ.എസ്.പ്രവീണിന്റെ പരാമർശം 2 പ്രകാരമുള്ള അപ്പീൽ തീർപ്പാക്കുന്നു.

7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 3 പ്രകാരമുള്ള നിർദ്ദേശം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**വി.എസ്.സന്തോഷ്**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ശ്രീ.എസ്.പ്രവീൺ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ,കൊച്ചി നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ